## സർക്കുലർ

148/NSS/DHSE/2016 02/11/2016

ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെയും വേൾഡ് ഡയബറ്റിസ് ഫൗണ്ടേഷന്റെയും കുളനട മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ & ഡയബറ്റിസ് കെയർ സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലോക പ്രമേഹദിന പരിപാടികൾ സംഘടിപ്പിക്കുന്നു.

തൃശ്ശൂർ തേക്കുംകാട് മൈതാനിയിൽ 2016 നവംബർ 14 ന് ലോക പ്രമേഹ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും പ്രമുഖ വ്യക്തികളും നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരും പങ്കെടുക്കുന്ന **ആഗോളപ്രമേഹനടത്തം 2016** ഉം നടത്തപ്പെടുന്നു. ലോക പ്രമേഹ ദിനത്തിന്റെ ഭാഗമായി നവംബർ 14 മുതൽ 17 വരെ തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട രാജീവ് ഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽ ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ എക്സിബിഷനിൽ വോളണ്ടിയർമാരെയും പൊതുജനങ്ങളെയും പങ്കെടുപ്പിക്കാവുന്നതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും നവംബർ 14ന് രാവിലെ ആഗോള പ്രമേഹനടത്തം 2016 സംഘടിപ്പിക്കേണ്ടതാണ്.

### പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. പരിപാടിയുടെ ബാനർ ജില്ലാ കൺവീനറുടെ പക്കൽ നിന്ന് പിഎസി മെമ്പർ മുഖാന്തിരം വാങ്ങേണ്ടതും വിദ്യാലയത്തിന്റെ/ യൂണിറ്റിന്റെ പേരും നമ്പരും എഴുതിചേർക്കേണ്ടതുമാണ്.
2. എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ മറ്റ് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷകർത്താക്കളെയും യുവജനങ്ങളെയും ആഗോള പ്രമേഹനടത്തം 2016 പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.

3. ആഗോള പ്രമേഹനടത്തം 2016 യൂണിറ്റ്തല ഉദ്ഘാടനം ലളിതമായി സംഘടിപ്പിക്കാം. പ്രമുഖ വ്യക്തികൾ, ജനപ്രതിനിധികൾ/ആരോഗ്യ പ്രവർത്തകർ എന്നിവരെ ഈ സംരഭത്തിലേക്ക് ക്ഷണിക്കുകയും റാലിയിൽ പങ്കെടുപ്പിക്കുകയും വേണം.
4. മേഖലാ/ജില്ലാ/പിഎസി തലത്തിൽ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമെങ്കിൽ സംഘടിപ്പിക്കാവുന്നതാണ്.
5. ജീവിതശൈലി രോഗങ്ങൾക്കെതിരെ "**ആഗോള പ്രമേഹനടത്തം 2016**" റാലിയിൽ ഉപയോഗിക്കുന്നതിനാവശ്യമായ പ്ലക്കാർഡ്, ചിത്രങ്ങൾ, സ്ലോഗൺ, കാർട്ടൂൺ എന്നിവ യൂണിറ്റ് തലത്തിൽ തയ്യാറാക്കാം.
6. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചേർന്ന് ചർച്ചകൾ/സെമിനാർ/ക്ലാസ്സുകൾ, Exhibition തുടങ്ങിയ സംഘടിപ്പിക്കാവുന്നതാണ്.
7. പ്രവർത്തനവുമായി ബന്ധപ്പെട്ട ഫോട്ടോ/ന്യൂസ് റിപ്പോർട്ട്/മറ്റ് രേഖകൾ എന്നിവ സൂക്ഷിച്ചു വയ്ക്കേണ്ടതും എൻഎസ്എസ് സെല്ലിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് പിഎസി മുഖാന്തിരം ജില്ലാ കൺവീനറെ ഏൽപിക്കേണ്ടതുമാണ്.

ഒപ്പ്
പ്രോഗ്രാം കോ-ഓർഡിനേറ്റർ